കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരണം

191 (7160) ശ്രീമതി ഗീതാ മഗാപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ പാറളം പഞ്ചായത്തിൽപ്പെടുന്ന പാറളം വില്ലേജ് ഓഫീസ് എത്ര വില്ലേജുകൾ കൂടിച്ചേർന്നതാണ് ; ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിന്റെ പരിധിയിൽവരുന്ന ജനസംഖ്യയുടെ കണക്ക് വിശദമാക്കാമോ ;

(ബി) പാറളം ഗ്രൂപ്പ് വില്ലേജിൽ എത്ര ജീവനക്കാർ നിലവിൽ സേവനമനുഷ്ടിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; നിയമമനുസരിച്ച് ഒരു വില്ലേജിൽ എത്ര ജീവനക്കാരെയാണ് നിയമിക്കുന്നതെന്നും അതനുസരിച്ച് പാറളം ഗ്രൂപ്പ് വില്ലേജിൽ നിയമിക്കേണ്ട ജീവനക്കാരുടെ എണ്ണം എത്രയെന്നും അറിയിക്കുമോ ;

(സി) ജീവനക്കാരുടെ എണ്ണം കുറവുള്ള 3 വില്ലേജുകൾ ഒരുമിച്ചു പ്രവർത്തിക്കുന്ന പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് പുതിയതായി കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ;

(ഡി) കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുമോ ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്ത് മേൽനടപടികളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറളം, കോടന്നൂർ, പള്ളിപ്പുറം എന്നീ 3 വില്ലേജുകൾകൂടി ചേർന്നതാണ് 2011 ലെ സെൻസ്സസ് പ്രകാരമുള്ള ജനസംഖ്യയുടെ വിവരം ചുവടെചേർക്കുന്നു :

പാറളം	9209
പള്ളിപ്പുറം	2480
കോടന്നൂർ	7806
ആകെ ജനസംഖ്യ	19495

(ബി) പാറളം ഗ്രൂപ്പ് വില്ലേജ് ഒരു വില്ലേജ് ആഫീസർ, ഒരു സ്പെഷ്യൽ വില്ലേജ് ആഫീസർ, ഒരു വില്ലേജ് അസിസ്റ്റന്റ്, രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ഒരു കാഷ്വൽ സ്വീപ്പർ എന്നിങ്ങനെ 6 ജീവനക്കാരാണുള്ളത്. ഒരു വില്ലേജിൽ സാധാരണ 6 ജീവനക്കാരുടെ അംഗീകൃത തസ്തികയാണുള്ളത്. പാറളം ഗ്രൂപ്പ് വില്ലേജ് വിഭജിക്കുമ്പോൾ 3 വില്ലേജ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള ജീവനക്കാരെ നിയമിക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം പാറളം കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

റവന്യൂ വകുപ്പിലെ സേവനാവകാശ നിയമം

192 (7161) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഏതെല്ലാം ആഫീസുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കി ;

(ബി) സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ എല്ലാ റവന്യൂ ആഫീസുകളിലും എത്തിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(സി) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൻ കീഴിലുള്ള ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേ & ലാന്റ് റിക്കാർഡ്സ് ഡയറക്ടറേറ്റ് എന്നീ വകുപ്പുകൾ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫോറങ്ങൾ രജിസ്റ്ററുകൾ എന്നിവ എല്ലാ ആഫീസുകളിലും അടിയന്തരമായി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുകയും സേവനങ്ങൾ സമയബന്ധിതമായി നൽകി വരികയും ചെയ്യുന്നു. അപ്പീലുകൾവരുന്ന സാഹചര്യത്തിൽ അവ ത്വരിതഗതിയിൽ തീർപ്പാക്കിവരുന്നു.

ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം

193 (7162) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1975 മുതൽ 2009 വരെയുള്ള കാലയളവിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ്, ജി.ഒ. (എംഎസ്.) 77/63/പി.ഡി. തീയതി 21-8-1963, ജി.ഒ. (പി) 540/80/ആർ.ഡി./തീയതി 6-5-1980

LIBRARY ARCHIVES Kerala Legislative Assembly